DESPATCHED
8/3/23


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in


## ഹർജി നമ്പർ AP.No.1560(5)/2018/SIC
**തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

## File No. 6766/SIC-G7/2018

സന്നിഹിത

ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ഉത്തരവ് തീയതി :.** 30.12.2022

**ശ്രീമതി ഓമന,**
**ട്രിനിറ്റി കോട്ടേജ്, അമ്പലത്തുംകാല പി.ഒ,**
**എഴുകോൺ.** } **അപ്പീൽ ഹർജിക്കാരൻ**

Vs

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**എഴുകോൺ പോലീസ് സ്റ്റേഷൻ.**

2. **അപ്പീൽ അധികാരി,**
**ജില്ലാ പോലീസ് ഓഫീസ്,**
**കൊല്ലം റൂറൽ.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 16.02.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 15.03.2018 |
| ഒന്നാം അപ്പീൽ | 14.04.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 22.05.2018 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 27.06.2018 |
| ഹിയറിംഗ് തീയതി, | 19.10.2022 |
| എതിർകക്ഷി<br>അപ്പീൽവാദി | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരി വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, കൊല്ലം റൂറൽ എസ്.പി. ഓഫീസിലെ നമ്പർ.105/പി.ടി.എൻ/18 എന്ന പ്രോസീഡിംഗ്സിന്റെ പകർപ്പും അതിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങളുമാണ്. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികൾ നൽകിയ മറുപടി തൃപ്തികരമല്ലെന്ന് ആരോപിച്ചുകൊണ്ടാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചത്. പ്രസ്തുത അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ മുമ്പാകെ നടന്ന

നേർവിചാരണയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അപ്പീൽ ഹർജിക്കാരനും ഹാജരായിരുന്നു.

2. വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീലിനും കൃത്യമായ മറുപടി ലഭ്യമാക്കിയില്ലെന്നാണ് ഹർജിക്കാരി കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്.

3. അപ്പീൽഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീലിനും സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്നാണ് എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

4. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഹർജിക്കാരൻ ആവശ്യപ്പെട്ടതിൽ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ടുള്ള വിവരം എതിർകക്ഷികൾ ലഭ്യമാക്കിയതായി കാണുന്നു. പ്രശ്നപരിഹാരമാണ് പ്രസ്തുത അപ്പീലിൽകൂടി ഹർജിക്കാരി ഉദ്ദേശിക്കുന്നതെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. പ്രശ്നപരിഹാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന വിഷയമല്ലെങ്കിൽപോലും മാനുഷിക പരിഗണന അർഹിക്കുന്ന കേസ് ആയതിനാൽ ഹർജിക്കാരി ഒരിക്കൽ കൂടി പോലീസ് സ്റ്റേഷനിലും റവന്യൂ വിഭാഗത്തിലും പരാതി നൽകേണ്ടതും അത്തരത്തിൽ പരാതിയുമായി ഹർജിക്കാരി സമീപിക്കുന്നപക്ഷം സമയബന്ധിതമായി നടപടി സ്വീകരിച്ച് ടി പരാതി എതിർകക്ഷികൾ തീർപ്പാക്കേണ്ടതാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഡിസംബർ മാസം 30-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**